G24

**കേരളസർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കോട്ടയം ജില്ലയിലെ നാട്ടകം ഗവ. പോളിടെക്നിക്ക് കോളേജിൽ സീനിയർ വിദ്യാർത്ഥികളുടെ റാഗിങ്ങിന് വിധേയമായി ചികിത്സയിൽ കഴിയുന്ന കുട്ടികൾക്ക് ചികിത്സാ ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ(ഡിആർഎഫ്-ബി) വകുപ്പ്**

**ജി.ഒ.(എം.എസ്)നമ്പർ: 06 /2017/റവ. തിരുവനന്തപുരം, തീയതി : 07.01.2017**

പരാമർശം: കോട്ടയം ജില്ലാ കളക്ടറുടെ 30.12.2016 ലെ DC KTM/8027/16/K4 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

കോട്ടയം ജില്ലയിലെ നാട്ടകം ഗവ. പോളിടെക്നിക്ക് കോളേജിൽ സീനിയർ വിദ്യാർത്ഥികളുടെ റാഗിങ്ങിന് വിധേയമായി ചികിത്സയിൽ കഴിയുന്ന ശ്രീ. അവിനാശിന് (S/o. ശിവദാസൻ, ഊടൻ വീട്, പാർക്ക് റോഡ്, ഇരിങ്ങാലക്കട.പി.ഒ., തൃശ്ശൂർ) ചികിത്സക്കായി നാളിതുവരെ ചെലവായ 40,000/- രൂപയും തുടർചികിത്സയ്ക്ക് ആവശ്യമായി വരുന്ന 65,000/- രൂപയും ചേർത്ത് ആകെ 1,05,000/- രൂപയും ശ്രീ. ഷൈജു, ടി.ഗോപിയ്ക്ക് (S/o. ഗോപി.ടി.എൽ, ദേവസ്വംപറമ്പിൽ വീട്, പിഴല.പി.ഒ., എറണാകുളം ജില്ല) 40, 000/- രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. വിതരണത്തിനാവശ്യമായി വരുന്ന **1,45,000/-രൂപ (ഒരു ലക്ഷത്തി നാൽപ്പത്തി അയ്യായിരം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കോട്ടയം ജില്ലാ കളക്ടർക്ക് നൽകേണ്ടതും കളക്ടർ തുക വിതരണം ചെയ്ത് വിവരം ഒരാഴ്ചയ്ക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.എച്ച്. കുര്യൻ**

**പ്രിൻസിപ്പൽ സെക്രട്ടറി.**

ജില്ലാ കളക്ടർ, കോട്ടയം
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
ധനകാര്യ (ഫണ്ട്സ് ) വകുപ്പ്
ഐ& പിആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
റവന്യൂ (ഡിആർഎഫ് -- എ) വകുപ്പ്
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.